## ജി.എഫ്.എൽ.പി.എസ്

## കുരിയടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025

# ആമുഖം

വിദ്യാലയം സമൂഹത്തിന്റെ വെളിച്ചമാണ്. കുട്ടികൾക്ക് ലോകത്തോടൊപ്പം വളരാൻ പര്യാപ്തമായ എല്ലാ സാധ്യതകളും നമ്മുടെ വിദ്യാലയങ്ങളിൽ ആവിഷ്ക്കരിക്കാൻ സമൂഹത്തിന്റെ കൂട്ടായ ഒരു പരിശ്രമം തന്നെയാണ് വേണ്ടത്. വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടു മാത്രമേ സമഗ്ര ഗുണമേന്മാ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകൂ. ഇതിനു വേണ്ടിയാണ് ഓരോ വിദ്യാലയവും അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചചപ്പാടിന്റെ അടിസ്ഥാനത്തിൽ മുഴുവൻ കുട്ടികളെയും അവരുടെ കഴിവിനെ അടിസ്ഥാനമാക്കി ലക്ഷ്യത്തിൽ എത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ഉൾപ്പെട്ട അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

# സ്കൂൾ ചരിത്രം

ഈ വിദ്യാലയം 1921ൽ സ്ഥാപിതമായതെന്നാണ് നിലവിലുള്ള രേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. വടകര സബ്ബ് ജില്ലയിലെ ഏക സർക്കാർ പ്രൈമറി സ്കൂളും, ചോറോട് പഞ്ചായത്തിലെ തീരദേശ വിദ്യാലയവുമാണിത്. ആദ്യകാലത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിലായിരുന്നു ഈ വിദ്യാലയം. കടലോരവാസികൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം പ്രാഥമിക വിദ്യാഭ്യാസവും നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത് ആരംഭിച്ചത്. ഭൗതികസാഹചര്യങ്ങൾ വളരെ കുറവായിരുന്നെങ്കിലും കുരിയാടി പ്രദേശത്തുള്ള മുഴുവൻ കുട്ടികളും ഇവിടെ മാത്രമായിരുന്നു പഠിച്ചിരുന്നത്. ഗ്രാമപ്രദേശങ്ങളെ നഗരസംസ്കാരം ആകർഷിച്ചു തുടങ്ങിയതോടെ ഇവിടെ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി.

# വിദ്യാലയ സ്മരണ

ഫിഷറീസ് സ്കൂളായതിനാൽ ദിവസവും ഒരു പിരിയഡ് വല നിർമ്മാണവും മറ്റു മത്സ്യബന്ധന ഉപകരണങ്ങൾ നിർമ്മിക്കുന്നതും ചകിരിപിരിച്ച് കയർ നിർമ്മിക്കുന്നതും, ചൂടിപ്പായ നിർമ്മിക്കുന്നതും പഠിപ്പിച്ചിരുന്നു. ഈ ഉൽപ്പന്നങ്ങൾ വർഷാവസാനം ലേലം വിറ്റ് സ്കൂൾ ഫണ്ടിലേക്ക് ചേർക്കുമായിരുന്നു. ഫിഷറീസ് സ്കൂൾ കാലാവസ്ഥാ ചാർട്ട് ഉണ്ടാക്കണമെന്നുള്ള നിർബന്ധം അന്നുണ്ടായിരുന്നു. പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഫിഷറീസ് ഡയരക്ടർ വർഷത്തിൽ ഒരു പ്രാവശ്യം സ്കൂളിൽ വരാറുണ്ടായിരുന്നു. കേരള പിറവിക്കുശേഷം ഈ വിദ്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായി.

# നിലവിലുള്ള അവസ്ഥ

വടകര വിദ്യാഭ്യാസ ജില്ലയിലെ ഏക സർക്കാർ പ്രൈമറി വിദ്യാലയമായ ഈ സ്ഥാപനം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ചോറോട് പഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയം എന്ന സ്ഥാനം നിലനിർത്തി പോരുന്നു. അക്കാദമിക മികവിന്റെ തെളിവായി പരിമിതമായ കുട്ടികളിൽ നിന്നും തുടർച്ചയായി 3 തവണ എൽ. എസ്. എസ് നേട്ടം കൈവരിച്ചിട്ടുണ്ട്.

പ്രധാനധ്യാപകനടക്കം അഞ്ച് അധ്യാപകരും ഒരു പി.ടി.സി.എം,ഒരു നേഴ്സറി ടീച്ചർ, ആഴ്ചയിൽ 2 ദിവസം ബി.ആർ.സി യിൽ നിന്ന് ഒരു സ്പെഷൽ ടീച്ചറും, പാചകക്കാരിയും ഇവിടെ സേവനം അനുഷ്ഠിക്കുന്നു.

21 കുട്ടികൾ പ്രൈമറിയിലും 14 കുട്ടികൾ പ്രീപ്രൈമറിയിലുമായി ആകെ 35 കുട്ടികൾ ആണ് ഇപ്പോൾ ഇവിടെ ഉള്ളത്.

സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനായി ഒരു പ്രീപ്രൈമറി വിദ്യാലയം 2014 ൽ പി ടി എ യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിൻെറ എല്ലാ സാമ്പത്തിക ചെലവും വഹിക്കുന്നത് ഇവിടെയുള്ള രണ്ട് ക്ഷേത്രക്കമ്മിറ്റികളാണ്. ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഒരു പി ടി എ യും സ്കൂളിൻെറ പുരോഗതിക്കുവേണ്ടി സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്ന വാർഡ് മെമ്പറും സ്കൂളിൻെറ ഉയർച്ചയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ എല്ലാ കുട്ടികൾക്കും വർഷംതോറും കുട, ബാഗ് എന്നിവയും ക്ഷേത്രകമ്മറ്റികൾ നൽകിവരുന്നു.

**ഹെഡ് മാസ്റ്റർ : രാജീവൻ. കെ. എം**

**അധ്യാപകർ**

1. സ്മിത. പി.കെ
2. വിജുഷ. കെ
3. അനുപമ. ഡി
4. ഷൈമ. എം
5. അഭിന (പ്രീപ്രൈമറി അധ്യാപിക)

പി ടി സി എം സത്യനാഥൻ. കെ. ന്ന

പി.ടി.എ പ്രസിഡണ്ട് വിമൽകുമാർ

# വിദ്യാലയം നേരിടുന്ന അക്കാദമിക് സമസ്യകൾ

1. സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്.

2. ഭാഷ കൈകാര്യം ചെയ്യുന്നതിലുള്ള പിന്നോക്കാവസ്ഥ,

3 ലേഖനം, വായന ഇവയിലെ പിന്നോക്കാവസ്ഥ.

4. ഗണിത പഠനം പ്രായോഗികതയിലേക്ക് എത്തിപ്പെടുന്നില്ല.

5.ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതക്കുറവ്.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തൽ.
2. എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പു വരുത്തും.
3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
4. തുല്യതയ്ക്കും ഗുണതയ്ക്കും ഊന്നൽ നൽകും.
5. വിവിധ ലാബുകളുടെ (ഗണിതം, ശാസ്ത്രം) ശാക്തീകരണം ഉറപ്പുവരുത്തും.
6. ലൈബ്രറി ശാക്തികരണം ഉറപ്പാക്കും.
7. രക്ഷിതാക്കളും സമൂഹവുമായുള്ള ബന്ധം ദൃഢമാക്കും.
8. ജൈവവൈവിധ്യ ഉദ്യാന വികസനം.

# കുട്ടിയെ അറിയുക

രക്ഷിതാക്കളുടേയും സമൂഹത്തിൻെറയും പങ്കാളിത്തം ഉറപ്പിക്കൽ

**ലക്ഷ്യം**

കുട്ടികളുടെയും സ്കൂളിൻെറ സമഗ്രവികസനത്തിന് കുട്ടിയെ അറിയുകയും രക്ഷിതാക്കളുടേയും സമൂഹത്തിൻെറയും ഇടപെടലുകൾ ശാക്തീകരിക്കുകയും ചെയ്യൽ

| | പ്രവർത്തനം | കാലാവധി | ചുമതല | | |
|---|---|---|---|---|---|
| 1. | കുട്ടിയെഅറിയാം | ജൂൺ | ക്ലാസ് ടീച്ചർ SRG | | |
| 2. | CPTA ശാക്തീകരണം | എല്ലാ മാസവും അവസാന ആഴ്ച | SRG HM | | |
| 3. | ദിനാചരണങ്ങളിൽ ഉൾപ്പെടുത്തൽ | വാർഷിക കലണ്ടർ പരിഗണിച്ച് | SRG | | |
| 4. | ICT പരിശീലനം അമ്മമാർക്ക് | | | | |
| 5. | അമ്മവായന | മാസത്തിൽ 1 തവണ | CPTA | | |
| 6. | ഉച്ചഭക്ഷണ പരിപാടിയിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തൽ | CPTA | | | |
| 7. | ഭവന സന്ദർശനം | മാസത്തിൽ 1 തവണ | ക്ലാസ് ടീച്ചർ | | |

I കുട്ടിയെ അറിയാം : മെയ് അവസാന വാരം SRGയിൽ ഓരോ അധ്യാപികയും അവരുടെ ക്ലാസിലെ കുട്ടികൾക്ക് വേണ്ട വ്യക്തിഗത പ്രൊഫൈൽ രൂപീകരിക്കുന്നു. ജൂൺ മാസത്തിൽ കുട്ടികളുടെ ഔദ്യോഗിക വിവരങ്ങൾ ചേർക്കുകയും തുടർന്ന് കേസ് സ്റ്റഡി നടത്താനായി വീടുസന്ദർശനം നടത്തുകയും ചെയ്യുന്നു. തുടർന്ന് ക്ലാസിലെ പഠന പ്രക്രിയയിലൂടെ ഈ പ്രൊഫൈൽ വികസിപ്പിക്കാം.

II CPTA ശാക്തീകരണം : എല്ലാമാസവും അവസാനവാരം CPTAയെയും നിർബന്ധമായും വിളിക്കൽ രക്ഷിതാക്കളുടെ വ്യക്തമായ പങ്കാളിത്തം ഉറപ്പിക്കുന്നു. ഹാജർനിലവാരം അടുത്ത യോഗത്തിൽ ചർച്ച ചെയ്യൽ കുട്ടികൾ നിയന്ത്രിക്കുന്ന യോഗം രക്ഷിതാക്കൾക്കും കുട്ടികൾക്കും കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ബോധവത്കരണ ക്ലാസുകൾ നൽകൽ. കുട്ടികളുടെ ഉൽപന്നങ്ങൾ പ്രദർശനം. പിന്തുണാസംവിധാനം ഉറപ്പിക്കൽ. ശിൽപശിലയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ.

III ദിനാചരണങ്ങളിൽ ഉൾപ്പെടുത്തൽ: ആഘോഷവേളകളിൽ SSG, PTA പൂർവ്വ വിദ്യാർത്ഥികൾ ഇവരെ ഉൾപ്പെടുത്തൽ, മത്സരങ്ങളിൽ പങ്കാളികളാക്കൽ ശിൽപശാലകൾ നിയന്ത്രിക്കാൻ റിസോഴ്സുസകളെ രക്ഷിതാക്കളിൽ നിന്ന് കണ്ടെത്തൽ SSG പൂർവ്വ വിദ്യാർത്ഥികൾ ഇവരെ ഉൾപ്പെടുത്തൽ (ക്വിസ്, ബോധവത്കരണം ഇവയ്ക്ക് നേതൃത്വം നൽകൽ)

IV. ICT പരിശീലനം അമ്മമാർക്ക് : അമ്മമാർക്ക് പോസ്റ്റർ നിർമ്മാണം വീഡിയോ എഡിറ്റിംഗ് എന്നിവയ്ക്കുള്ള പരിശീലനം നൽകും.

V. അമ്മ വായന : ലൈബ്രറിയിൽ ജൂൺ മാസം മുതൽ അമ്മമാർക്ക് അംഗത്വം നൽകും. പുസ്തകങ്ങൾ തെരഞ്ഞെടുക്കാനും ഇവിടിരുന്നു വായിക്കാനും അവസരം ഒരുക്കും. പ്രത്യേക രജിസ്റ്റർ സൂക്ഷിക്കും വിവധതരം വായനകൾ പരിചയപ്പെടുത്തും. കുട്ടികളെ വീട്ടിൽ നിന്ന് വായിക്കാൻ വേണ്ട പിന്തുണ സംവിധാനം ഊർജ്ജിതമാക്കുക.

VII ഉച്ചഭക്ഷണത്തിൽ പങ്കാളിയാക്കൽ: ആഘോഷവേളകളിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തൽ, പിറന്നാൾ ദിനത്തിൽ പച്ചക്കറികൾ കൊണ്ടുവരൽ, പഠനയാത്രയിൽ രക്ഷിതാക്കളെ പങ്കാളിയാക്കൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും സമൂഹവും വിദ്യാലയത്തിന്റെ ഒരു ഭാഗമാണെന്ന കഴ്ചപ്പാടുണ്ടാക്കൽ.

# മലയാളം

## ആമുഖം

മലയാള മധുരം പിച്ച വെച്ച നാൾ മുതൽ നുകരുന്നവരാണ് കുട്ടികൾ. അക്ഷരപ്പൊട്ടുകൾ കൂട്ടി വെച്ച് ഭാഷയിലേക്ക് നാമവരെ പിച്ചവെപ്പിച്ച് നടത്തുകയായിരുന്നു. ഇതിനിടെയിലെപ്പോഴോ നമ്മുടെ കൈവിട്ട് കൂട്ടം തെറ്റിപ്പോയ ഒരു കൂട്ടം കുട്ടികൾ, അവരെ നമുക്ക് തിരിച്ച് പിടിക്കണം. കൂടാതെ വാക്കുകളുടെ ആകാശത്തേക്ക് പറന്നുയരാൻ ചിറകുകൾ നൽകണം. അക്ഷരങ്ങൾ അക്ഷരങ്ങളായി മാത്രം നിന്നാൽ അവന്റെ മനസ്സിലെ മഴവിൽ വർണങ്ങൾ കടലാസിലേക്ക് ഉതിർന്നു വീഴില്ല. അവൻ പറയാനുള്ളത് ചിത്രശലഭങ്ങളെപ്പോലെ വാക്കുകളായി പിറന്നു വീഴണ്ടേ. അതിനാവട്ടെ നമ്മുടെ ഒരുക്കങ്ങൾ

# ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- അമ്മവായന
- വായനയുടെ വിവധതലങ്ങൾ പരിചയപ്പെടൽ
- വായനാസാഗ്രികൾ കണ്ടെത്തൽ, വികസിപ്പിക്കൽ
- ഭാഷയുമായ ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത കണ്ടെത്തൽ
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാഭാഷാപഠനനേട്ടങ്ങളും എല്ലാകുട്ടികളും ആർജിക്കുക.
- മലയാളഭാഷാപഠനത്തിലെ അടിസ്ഥാനആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
- CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക
- ഭാഷാ ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പ്രിടെസ്റ്റ് | ജൂൺ ആദ്യവാരം | SRG | |
| എന്റെ മലയാളം | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ക്ലാസ് ലൈബ്രറി ശാക്തീകരണം | ജൂൺ-ജൂലായ് | SRG | |
| വായന വാരാഘോഷം | ജൂൺ 19-25 | SRG | |
| അമ്മവായന | ജൂൺ- മാർച്ച് | | |
| ചുമർപത്രിക നിർമ്മാണം ദിനാചരണം | വാർഷിക കലണ്ടർ അനുസരിച്ച് | ക്ലാസ് ടീച്ചർ | |
| മാഗസിൻ, രചനാപുസ്തകം ഓരോ കുട്ടിക്കും 1 വീതം | 1 വർഷം | ക്ലാസ് ടീച്ചർ | |
| സംയുക്ത ഡയറി | ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മക ഡയറി | 1 വർഷം | ക്ലാസ് ടീച്ചർ | |
| പാട്ടരങ്ങ് | ജൂൺ-മാർച്ച് | SRG/ക്ലാസ് ടീച്ചർ | |
| കഥോത്സവം | ജൂൺ19 - മാർച്ച് | SRG | |
| രചനോത്സവം | സെപ്തം-മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| റീഡേഴ്സ് തിയറ്റർ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |
| കൂട്ടെഴുത്ത് പത്രം | ഒക്ടോ-മാർച്ച് | ക്ലാസ് ടീച്ചർ | |
| വരയുത്സവം | നവംബർ-മാർച്ച് | ക്ലാസ് ടീച്ചർ | |
| കാവ്യോത്സവം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| രചന പരിചയക്കുറിപ്പ് | ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ | |
| പഠനോത്സവം | Term | SRG | |
| ശാസ്ത്ര-ഗണിത പ്രവൃത്തിപരിചയമേള | | | |
| കായികമേള | | | |

## മേഖല അക്കാദമികം

**പ്രശ്നം:**

**2 മുതൽ 5 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ഭാഷയിലെ ആശയങ്ങളും ശേഷികളും മുഴുവനായി നേടാൻ കഴിയുന്നില്ല.**

**ലക്ഷ്യം: -2**

**2 മുതൽ 5 വരെ ക്ലാസിലെ കുട്ടികൾക്ക് ഭാഷയിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നത്.**

**2 മുതൽ 5 വരെ കുട്ടികൾ നേടേണ്ട അടിസ്ഥാന ആശയങ്ങൾ മെയ് അവസാനവാരത്തിൽ SRG യിൽ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ (താഴ്ന്ന) ക്ലാസടിസ്ഥാനത്തിൽ തയ്യാറാക്കുന്നു. ജൂൺ 2 മുതൽ 6 വരെ ക്ലാസിൽ പ്രവർത്തനങ്ങൾ ചെയ്യുന്നു. മൂല്യ നിർണയം നടത്തുന്നു. ഫലം SRGയിൽ ക്രോഡീകരിക്കുന്നു. ഫലം അവലോകനം ചെയ്യുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു. CPTAയിൽ അവതരിപ്പിക്കുന്നു.**

# പ്രവർത്തനം - എൻെറ മലയാളം

## പ്രശ്നം:

ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും മുഴുവനായി നേടാൻ കഴിയുന്നില്ല.

## ലക്ഷ്യം:

കുട്ടികൾക്ക് താഴ്ന്ന ക്ലാസിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന്. പ്രിടെസ്റ്റിന്റെ ഭാഗമായി പരിഹാരബോധനം എന്ന നിലയ്ക്കാണ് "എൻെറ മലയാളം" എന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ജൂൺ മൂന്നാം വാരത്തിൽ തന്നെ "എൻെറ മലയാളം" എന്ന പരിപാടിക്ക് തുടക്കം കുറിക്കൽ CPTAയിൽ പദ്ധതി വിശദീകരിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ ഇവ നടത്താനായി CPTA വിളിച്ച് ശിൽപ ശാല സംഘടിപ്പിക്കൽ വായനക്കാർഡുകൾ, എഴുത്തുകാർഡുകൾ മുതലായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, വാക്യനിർമ്മാണം. ചിത്രം, അടിക്കുറിപ്പ് തയ്യാറാക്കൽ, ചിത്രം കഥപറയൽ, കഥബാക്കി എഴുതി വർക്ക് ഷീറ്റ് നൽകൽ മുതലായ പ്രവർത്തനങ്ങൾ മലയാളത്തിളക്കം ടീച്ചർ ടെക്സ്റ്റ്റ്റും ICT ഉപയോഗിച്ച് ജൂൺ അവസാനം മൂന്ന് ദിവസം തുടർച്ചയായും ബാക്കി അവസാന പിരിയിഡും ആഴ്ചയിൽ 1 ദിവസം നടത്തുന്നു.

# കാവ്യോത്സവം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം. അവതരണം എന്നിവയിൽ മികവുണ്ടാകുന്നതിനായി ആവിഷ്കരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം,

ഒന്നാം ക്ലാസ് മുതലാരംഭിക്കുന്ന പാട്ടരങ്ങിൻെറയും മൂന്നാം ക്ലാസിലെ കാവ്യോത്സവത്തിൻെറയും തുടർച്ചയായാണ് -4ാം ക്ലാസിൽ കാവ്യോത്സവം നടത്തുന്നത്. പാഠഭാഗത്തെ കവിതകളും പഠന പ്രമേയങ്ങളുമായി ബന്ധപ്പെട്ട കവിതകളും പാട്ടുകളുമെല്ലാം ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താം.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്ന കുട്ടികൾക്ക് ഈണവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്കു രൂപം നൽകാനും കൂട്ടിച്ചേർക്കാനും കഴിയുമെന്നതാണ് പ്രധാന കണ്ടെത്തൽ.

## ലക്ഷ്യങ്ങൾ

❖ താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.

❖ ചൊല്ലി കേൾക്കുന്ന പാട്ടുകൾ, കവിതകൾ ഈണം, താളം പാലിച്ചുകൊണ്ട് ഏറ്റു ചൊല്ലുന്നു.

❖ കവിതകളുടെ/പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.

❖ കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവു നേടുന്നു.

❖ പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് സ്വതന്ത്രമായി പാടുന്നു.

❖ പാട്ടുകളും കവിതകളും കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ ഈണവും താളവും പാലിച്ചുകൊണ്ട് പാടികൊടുക്കുന്നു.

# സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങളെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറി എഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

## നേട്ടങ്ങൾ

❖ കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.

❖ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.

❖ സർഗ്ഗാത്മക ശേഷി വികസിക്കുന്നു.

❖ ഭാഷാ നൈപുണി വികസിക്കുന്നു.

❖ കുട്ടികളുടെ ചിന്താശേഷി വികസിക്കുന്നു.

❖ കുട്ടിയുടെ മനസിന്റെ സദ്ഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.

❖ പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം വർദ്ധിക്കുന്നു.

❖ മൂല്യങ്ങൾ സ്വയം സ്വാംശീകരിക്കുന്നു.

## പ്രവർത്തനരീതി

❖ കുട്ടികളുടെ സർഗാത്മക ഡയറി എഴുത്തിനായി ഒരു കാഴ്ച / സംഭവം തിരഞ്ഞെടുക്കുന്നു.

❖ അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു. കവിത / പാട്ട്

# പാട്ടരങ്ങ്

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധ വികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

## ലക്ഷ്യങ്ങൾ

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ സർഗാത്മക സൗന്ദര്യാത്മക ഭാഷാവികാസമേഖലയിലും വികാസമേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാന ലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

## സർഗാത്മക സൗന്ദര്യാത്മക വികാസം (കലാവിദ്യാഭ്യാസം)

1. പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുക.

2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും, കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു

3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചുകൊണ്ട് ഏറ്റുചൊല്ലുന്നു.

4. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.

5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടമായും ചൊല്ലുന്നു.

6. പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.

7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.

8. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുന്നു.

9. പാട്ടരങ്ങുകളിൽ പാട്ടിൻെറ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് പാടാനുള്ള ഭാഗത്തിൻെറ ചുമതല ഏറ്റെടുത്ത ശേഷം സഹപാഠികൾ പാടി നിർത്തിയെടുത്തുനിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ. ഇടത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

# സംയുക്ത ഡയറി

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട് പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഈ പരിപാടി തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്രരചയിതാക്കളാക്കാൻ സംയുക്തഡയറിയെഴുത്ത് സഹായകമാണ്.

## ലക്ഷ്യങ്ങൾ

1. കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.

2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.

3. കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.

4. ആശയാവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്തഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

ഡയറിയെഴുത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ

1. ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടൽ.

# റീഡേഴ്സ് തിയേറ്റർ

രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്സ് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളെ മറികടക്കുവാൻ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ലേഖനത്തിൽ എന്ന പോലെ വായനയിലും പരിമിതിയുള്ള കുട്ടികളുണ്ട്. ആശയ ഗ്രഹണ വായനയ്ക്ക് വേണ്ടത്ര പഠനാവസരങ്ങൾ ലഭിക്കാത്തത് കുട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനുയോജ്യമായ വേഗത്തിലുള്ള വായന, ഭാവം, താളം എന്നിവ ഉൾക്കൊണ്ടുള്ള വായന എന്നിവയിലും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം ഫലപ്രദമാണ്.

## ലക്ഷ്യങ്ങൾ

- ❖ കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- ❖ കേൾവിക്കാരെ ആശയം ബോധ്യപ്പെടും വിധം വായിച്ചവതരിപ്പിക്കുന്നു.
- ❖ കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു
- ❖ പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

## പ്രവർത്തന രീതി

- ❖ തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.
- ❖ കുട്ടികൾ കഥ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയാറാക്കുന്നു.
- ❖ കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ ( അത് എഴുതി തയ്യാറാക്കാം. കഥയിലുള്ളത്. അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ)
- ആരാണ് അവതാരക(ന്) എന്നു തീരുമാനിക്കൽ.
- വായിക്കേണ്ട ക്രമം തീരുമാനിക്കൽ.
- അവതാരക(ന്) പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ.
- റിഹേഴ്സൽ ചെയ്യൽ.
- വേദിയിൽ അവതരണം.
- റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച ധാരണ രൂപീകരിക്കൽ.

# രചനോത്സവം

ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയപ്രകാശനത്തിൽ ആസ്വാദ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളും ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റുകുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിനു പ്രേരിപ്പിക്കും. മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

1. കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്.
2. സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുക. (ലഘുവാക്യങ്ങളിൽ ആശയപ്രകാശനം) അവസരം ഒരുക്കുക.
3. അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
4. വായനക്കാർഡുകളാക്കി പ്രസിദ്ധീകരിക്കാം
5. അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമാറാം.

# കൂട്ടെഴുത്തു പത്രം

റീഡേഴ്സ് തിയറ്റർ സഹവർത്തിത വായനയ്ക്കുള്ളതാണെങ്കിൽ കൂട്ടെഴുത്തു പത്രം സഹവർത്തിത രചനയ്ക്കുള്ളതാണ്. താൽപര്യപൂർവ്വം രചന ഏറ്റെടുക്കാനും മറ്റുള്ളവർക്ക് വായിക്കാൻ പറ്റും വിധം വ്യക്തതയോടെ എഴുതാനും കൂട്ടെഴുത്തു പ്രത്രം അവസരം നൽകും.

## ലക്ഷ്യങ്ങൾ

1. പരസ്പര പിന്തുണയോടെ രചനാശേഷി വർദ്ധിപ്പിക്കുക
2. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠനപങ്കാളികളുടെ സഹായം ഉറപ്പാക്കുക
3. രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കുക.

## പ്രവർത്തനങ്ങൾ

- ❖ ക്ലാസിൽ, വിദ്യാലയത്തിൽ, നാട്ടിൽ നടന്ന വിശേഷപ്പെട്ട കാര്യങ്ങൾ പറയിക്കൽ
- ❖ അവയിൽ നിന്നും നാലോ അഞ്ചോ ഇനങ്ങൾ തെരഞ്ഞെടുക്കൽ
- ❖ തെരഞ്ഞെടുത്ത ഇനങ്ങളുടെ അത്രയും ഗ്രൂപ്പുകൾ രൂപീകരിക്കൽ (ഭിന്നനിലവാര ഗ്രൂപ്പാകണം)
- ❖ ഓരോ ഗ്രൂപ്പിനും ഓരോ ഇനം നിശ്ചയിക്കൽ
- ❖ കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ അഞ്ചോ കാര്യങ്ങൾ ഗ്രൂപ്പിനുള്ളിൽ പങ്കിടൽ.
- ❖ വാക്യങ്ങളുടെ എഴുത്തുക്രമം നിശ്ചയിക്കൽ
- ❖ ഒരാൾ ഒരു വാക്യം വീതം എഴുതൽ (പെൻസിൽ ഉപയോഗിച്ച്) മറ്റുള്ളവർ ആവശ്യമെങ്കിൽ സഹായിക്കണം
- ❖ എല്ലാവരുടെയും കൈയക്ഷരം നിർബന്ധം

- ❖ അവർ വിവിധ ഗ്രൂപ്പുകളിൽ അംഗങ്ങളാകുന്ന വിധം ഗ്രൂപ്പുകൾ രൂപീകരിക്കുക.
- ❖ ഒന്നോ രണ്ടോ ദിവസം മുതിർന്നവരിൽ നിന്നും വിവരം ശേഖരിക്കുന്നതിന് വേണ്ടി ഉപയോഗിക്കൽ
- ❖ ഗ്രൂപ്പുകൾ കൂടി ആശയങ്ങൾ ക്രോഡീകരിക്കൽ
- ❖ എഴുത്തു ക്രമം തീരുമാനിക്കൽ
- ❖ ഒരാൾ ഒരു വാക്യം വീതം എഴുതൽ
- ❖ എല്ലാവരുടെയും കൈയക്ഷരം നിർബന്ധം.
- ❖ തലക്കെട്ട് നൽകണം
- ❖ മുതിർന്നവരുടെ സഹായത്തോടെ ഫോട്ടോ എടുത്ത് പ്രിന്റ് ചേർക്കാം
- ❖ എഴുതുമ്പോൾ പരസ്പരം സഹായിക്കണം.
- ❖ ഓരോ ഗ്രൂപ്പും എഴുത്തിന്റെ ഡിജിറ്റൽ കോപ്പി തയ്യാറാക്കണം.
- ❖ ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ പങ്കിടണം.
- ❖ നാട്ടുവിശേഷം പതിപ്പ് എന്ന നിലയിൽ വർഷാവസാനം പ്രകാശനം നടക്കണം.

# വരയുത്സവം

കുട്ടികൾക്ക് നൂറുഭാഷകളുണ്ട് ആശയപ്രകാശനത്തിന് എന്നാണ് വിദ്യാഭ്യാസ രംഗത്തുള്ളവർ പറയുന്നത്. അവർ വരച്ചും നിർമ്മിച്ചും എഴുതിയും പാടിയും അഭിനയിച്ചുമെല്ലാം ആശയപ്രകാശനം നടത്തുന്നു. കലാവിദ്യാഭ്യാസം കുട്ടിയുടെ ഭാഷാവികാസത്തെ മാത്രമല്ല സർഗാത്മക സൗന്ദര്യ വികാസത്തെയും പോഷിപ്പിക്കുന്നു. ഒന്നാം ക്ലാസിൽ കുട്ടികൾ നേടിയ ചിത്രരചനയിലെ ശേഷികൾ അവതരിപ്പിക്കുന്നതിനുള്ള വേദിയാണ് വരയുത്സവം.

## ലക്ഷ്യങ്ങൾ

1. തീമുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുക.

2. കൈപ്പത്തി, വിരലുകൾ, കാലടികൾ, മറ്റു വസ്തുക്കൾ എന്നിവ നിറങ്ങളിൽ മുക്കി ചിത്രങ്ങൾ രൂപപ്പെടുത്തു.

3. വിവിധ പ്രതലങ്ങളിൽ വീഴ്ത്തിയ നിറങ്ങൾ ഊതിയും കൈവിരൽകൊണ്ടും നൂലടക്കം മറ്റ് സാമഗ്രികൾ ഉപയോഗിച്ചും വിന്യസിച്ച് ചിത്രങ്ങൾ വരയ്ക്കുക.

4. കേട്ടതോ വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി ചിത്രീകരിക്കുക.

5. ഇല, തുണി, വർണ്ണക്കടലാസ്, മണൽ, പൊടി, മറ്റു വസ്തുക്കൾ എന്നിവ ഉപയോഗിച്ച് തീമുമായി ബന്ധപ്പെടുത്തി കൊളാഷ് നിമ്മിക്കുക.

6. മണൽ, മണ്ണ്, പൊടി, മൈലാഞ്ചിക്കുഴമ്പ് എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ പാറ്റേണുകൾ, രൂപങ്ങൾ, കളങ്ങൾ തുടങ്ങിയവ വരയ്ക്കുക.

7. ഇലകൾ, പച്ചക്കറി, നൂൽ, പഞ്ഞി എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നതിനും വിവിധ വസ്തുക്കൾ നിറങ്ങളിൽ മുക്കിപ്രതലങ്ങളിൽ പതിപ്പിച്ച് രൂപങ്ങൾ നിർമ്മിക്കുന്നതിനും കഴിയുക.

## പ്രവർത്തനങ്ങൾ

- കുട്ടികളുമായി ആലോചിച്ച് വരയുത്സവത്തിന്റെ തീയതി നിശ്ചയിക്കണം
- ഇനങ്ങൾ ലിസ്റ്റ് ചെയ്യണം.
- ഓരോ കുട്ടിയും മൂന്ന് ഇനങ്ങളിലെങ്കിലും ആവിഷ്കാരം നടത്തുന്ന വിധത്തിൽ ചുമതല ഏറ്റെടുക്കണം.
- ക്ലാസ് പി ടി എയിൽ, ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ആശയം പങ്കിടണം
- വരയുത്സവത്തിൽ കുട്ടികളെ സഹായിക്കാനെത്തുന്ന രക്ഷിതാക്കളുടെ ലിസ്റ്റ് തയ്യാറാക്കണം
- സമയക്രമീകരണം തീരുമാനിക്കണം
- എല്ലാവരും ചെയ്യേണ്ട ഇനങ്ങൾ ആദ്യം. (കൊളാഷ് പ്രവർത്തനം, വിരൽച്ചിത്രങ്ങൾ പോലെയുള്ളവ)
- ഐച്ഛികമായി ചെയ്യേണ്ടത് തുർന്ന്
- പൂർണദിവസ പരിപാടിയാണ്
- ഉൽപന്നങ്ങളുടെ പ്രദർശനവും വിലയിരുത്തലും

# സചിത്രകഥാരചന

രചനോത്സവത്തിന്റെ ഭാഗമായി കുട്ടികൾ കഥകൾ എഴുതുകയും അവയ്ക്ക് ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തിട്ടുണ്ട്. സചിത്രപ്രവർത്തന പുസ്തകം ഉപയോഗിച്ചപ്പോൾ ചിത്രങ്ങൾക്ക് സംഭാഷണവും വിവരണവും എഴുതി ചിത്രകഥാരൂപത്തിലാക്കിയിട്ടുണ്ട്. ഒന്നാം ക്ലാസിലെ കുട്ടി എഴുതിയ കർഷകനും ആടും എന്ന ചിത്രകഥ കുട്ടികൾ പഠിച്ചിട്ടുണ്ട്. ഈ അനുഭവങ്ങൾ പ്രയോജനപ്പെടുത്തിയാണ് ചിത്രകഥകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കണം.

## ലക്ഷ്യങ്ങൾ

1. കേട്ടതോ വായിച്ചതോ ആയ കഥകൾ ചിത്രകഥാ രൂപത്തിലാക്കുക
2. സ്വന്തം സർഗാത്മക രചനകങ്ങൾ ചിത്രകഥാരൂപത്തിലാക്കുക.
3. ചിത്രസൂചനകളെ അടിസ്ഥാനമാക്കി ചിത്രകഥകൾ പ്രസിദ്ധീകരിക്കുക.
4. കുട്ടികൾ തയാറാക്കുന്ന ചിത്രകഥകൾ പ്രസിദ്ധീകരിക്കുക.

## പ്രവർത്തനങ്ങൾ

- ❖ പൊതു അനുഭവം സൃഷ്ടിക്കൽ.
- ❖ ഒരു കഥ പരിചയപ്പെടുത്തുന്നു. ചിത്രകഥയും കാണിക്കുന്നു, താരതമ്യം ചെയ്ത് ചിത്രകഥയുടെ സവിശേഷകൾ ലിസ്റ്റ് ചെയ്യുന്നു.
- ❖ എങ്കിൽ നാം ഇപ്പോൾ പരിചയപ്പെട്ട കഥയെ ചിത്രകഥയാക്കുകയാണെങ്കിൽ എത്ര രംഗങ്ങൾക്ക് പടം വരയ്ക്കേണ്ടിവരും?
- ❖ സംഭാഷണ രൂപത്തിൽ എഴുതേണ്ടതും വിവരണരൂപത്തിൽ എഴുതേണ്ടതും എന്തെല്ലാം കാര്യങ്ങളാണ് ? ഏതൊക്കെ രംഗങ്ങൾക്ക് എന്നും ധാരണയാകുന്നു.
- ❖ വ്യക്തിഗതമായി ചിത്രകഥ തയ്യാറാക്കുന്നു. (അരപ്പേജിൽ ഒരു ചിത്രം വരത്തക്കവിധം)
- ❖ തയ്യാറാക്കിയ ചിത്രകഥാപേപ്പറുകൾ ഒന്നിച്ച് സ്റ്റാപ്ലർ ചെയ്ത് ഓരോരുത്തരുടെയും ചിത്രകഥാപുസ്തകം പ്രകാശിപ്പിക്കുന്നു.
- ❖ പരസ്പര വിലയിരുത്തലിനായി കൈമാറി പരിശോധിക്കുന്നു.

# പ്രവർത്തനം - വായനവാരാഘോഷം

## വായനോത്സവം സംഘടിപ്പിക്കൽ

**ലക്ഷ്യം :**

ഓരോ കുട്ടിയെയും അവന്റെ കഴിവിന്റെ പരമാവധി മെച്ചപ്പെടുത്തി മികച്ച വായനക്കാരാക്കൽ

ജൂൺ - 19 വായനാദിനത്തോടനുബന്ധിച്ച് വായനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. വായന വാരാഘോഷത്തോടനുബന്ധിച്ച് അസംബ്ലിയിൽ പത്രവായന, പുസ്തകപരിചയം എന്നിവയും വായനക്വിസ്, വിവിധതരം വായനകൾ എന്നിവയും ക്ലാസിൽ നടത്തും, ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തും മെയ് അവസാന വാരത്തിലെ SRGയിൽ ഓരോ ക്ലാസിലേക്കും വേണ്ട പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുകയും എത്തിക്കാൻ ശ്രമിക്കുകയും ചെയ്യും. പത്രം നിർബന്ധമാക്കും പത്രവായനയക്കും ചർച്ചയ്ക്കും ടീച്ചറും കുട്ടികളും ക്ലാസിൽ എല്ലാ ദിവസവും സമയം കണ്ടെത്തും. വായനക്കുറിപ്പ്, ബാലസഭ, സർഗ്ഗവേള ഇവയിലവതരിപ്പിക്കും. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലാസ് ലൈബ്രറിയിൽ എത്തിക്കും. ഇ-വായനയുടെ പ്രവർത്തനങ്ങൾ SRGയിൽ തീരുമാനിക്കും. എഴുത്തോടുകൂടിയ ചിത്രകഥകൾ ICTഉപയോഗിച്ച് പ്രദർശിപ്പിക്കും. അമ്മവായന പ്രോത്സാഹിപ്പിക്കും വിവിധതരം വായനകൾ അമ്മമാർക്ക് പരിചയപ്പെടുത്തും. വായനാസാമഗ്രികൾ നിർമ്മിക്കാൻ CPTA, SSG ഇവരുടെ സഹായത്താൽ ശിൽപശാല നടത്തും.

# ഗണിതം

ഗണിതം കേവലം സംഖ്യകളുടെ സങ്കലന വ്യവകലന ക്രിയകളായി മാത്രം കണ്ടാൽ കുഞ്ഞു മനസ്സുകളിൽ ഗണിതോത്സവത്തിന്റെ വർണമഴകൾ പെയ്തിറങ്ങില്ല. ജീവിതത്തിന്റെ എല്ലാമേഖലകളും ഒരു തത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഗണിതവുായി ബന്ധപ്പെട്ടുകിടക്കുന്നുണ്ട്. നൃത്തച്ചുവടു കളിലും മേളപ്പെരുക്കങ്ങളിലും നാമറിയാതെ ചില ഗണിതക്രമങ്ങൾ ഇഴുകി ച്ചേരുന്നുണ്ട്. ജീവിതഗന്ധിയായ ഒരു ഗണിത ലോകം കുട്ടികൾക്ക് മുന്നിൽ തുറന്നു കൊടുത്താലെ യാന്ത്രികമായ കൂട്ടലുകളും കിഴിക്കലുകളും ഇല്ലാതാവു കയുള്ളൂ. ഗണിത ചിന്തകൾക്കപ്പുറം ഗണനചിന്തകൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നൽകുന്നതോടൊപ്പം ഗണിതപഠനോപകരണങ്ങൾ, ഗണിതകേളികൾ എന്നിവയും ക്ലാസുകളിൽ പഠനലക്ഷ്യങ്ങൾ നേടുന്നതിനനുസൃതമായി പ്രാവർത്തികമാക്കുകയും വേണം.

## പ്രശ്ന വിശകലനം

| | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനം |
|---|---|---|---|
| 1. | അടിസ്ഥാന ആശയത്തിലുള്ള ധാരണക്കുറവ് പരിഹരിക്കൽ | ❖ സ്വയംപഠനത്തിന് സഹായകമാകുന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | ❖ പ്രീ ടെസ്റ്റ് |
| 2. | പ്രത്യേക പരിഗണന നൽകേണ്ട കുട്ടികൾ | ❖ വ്യക്തിഗത മാസ്റ്റർ പ്ലാൻ തയാറാക്കൽ.<br>❖ മൂർത്ത വസ്തുക്കൾ ക്ലാസിൽ യഥേഷ്ടം ഉപയോഗപ്പെടുത്തൽ.<br>❖ രക്ഷിതാക്കളുടെ പിന്തുണ തേടൽ | ❖ ഗണിത ലാബ് സജ്ജമാക്കൽ.<br>❖ വർക് ഷീറ്റുകൾ<br>❖ ഗണിത കേളികൾ.<br>❖ പ്രാഗ് ഗണിത പ്രവർത്തനങ്ങൾ |
| 3. | പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ അവസരമൊരുക്കൽ. | ❖ പ്രയോഗിക പ്രശ്നങ്ങൾ ക്ലാസിൽ അവതരിപ്പിക്കൽ.<br>❖ പരിഹാരം കണ്ടെത്തൽ<br>❖ ചോദ്യനിർമ്മാണം | ❖ വർക്ഷീറ്റുകൾ സ്വയം വായിച്ച് പ്രശ്നപരിഹാര ത്തിന് ശ്രമിക്കൽ.<br>❖ സന്ദർഭങ്ങൾ സ്കൂൾ ക്ലാസിൽ / വീട്ടിൽ ഉണ്ടാക്കൽ.<br>❖ പുതിയവയുടെ നിർമ്മാണം. |
| 4. | ഗണിതചിന്ത, ഗണനചിന്ത ഇവ വളർത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | ❖ **ELPS (Expensence Language Symbol Picture)ലൂടെ ആശയരൂപീകരണം നടത്തൽ.**<br>❖ **പ്രശ്ന വിശകലനത്തിന് വിവിധ മാർഗങ്ങൾ കണ്ടെത്തൽ.**<br>❖ **എളുപ്പത്തിൽ ഉത്തരത്തിലെത്താനുള്ള വഴി ചിന്തിക്കൽ.**<br>❖ **പൊതുവായ ആശയരൂപീകരണം.**<br>❖ **മറ്റു പ്രശ്നനിർധാരണത്തിന് കണ്ടെത്തിയ ആശയം ഉപയോഗപ്പെടുത്തൽ.** | ❖ പസിൽ കോർണർ.<br>❖ ഗണിത ക്വിസ്<br>❖ വർക് ഷീറ്റ് നൽകൽ.<br>❖ പ്രൊജക്ടുകൾ. |
| 5. | സർഗ്ഗാത്മ കഴിവുകൾ യുക്തിചിന്തകൾ എന്നിവ വളർത്തൽ | ❖ ജ്യാമിതീയ സൗന്ദര്യം ആസ്വദിക്കൽ.<br>❖ ഗണിത വിജയം പ്രയോജനപ്പെടുത്തൽ<br>❖ മന ഗണിത സാധ്യതകൾ ഉറപ്പാക്കൽ.<br>❖ കടങ്കഥ | ❖ ഒറിഗാമിയിലൂടെ പഠിക്കാം.<br>❖ പാറ്റേൺ പതിപ്പ്.<br>❖ കടങ്കഥാകേളി നിർമ്മാണം.<br>❖ ടാൻഗ്രാം രൂപങ്ങൾ. |

| | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനം |
|---|---|---|---|
| 1. | പ്രിടെസ്റ്റ് | ജൂൺ 3 to 6 | SRG |
| 2. | പരിഹാരബോധനം | ജൂൺ 10 to ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| 3. | ഗണിത ലാബ് ശാക്തീകരണം പഠനോപകരണ ശില്പശാല | ജൂലായ് 10- | SRG, CPTA |
| 4. | ICTസാധ്യത പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | ഗണിതാധ്യാപിക |
| 5. | ഗണിത ക്ലബ്ബ് രൂപീകരണം ക്വിസ്സ് പാറ്റേൺ, പസിൽ ഏറ്റെടുക്കൽ | വർഷാവസാനം വരെ. | SRG ടീച്ചർ |
| 6. | ഗണിതമാഗസിൻ | ജൂൺ-മാർച്ച് ജൂൺ to മാർച്ച് | ടീച്ചർ |
| 7. | ഗണിതച്ചുമർ | വർഷം മുഴുവൻ | SRG ടീച്ചർ |
| 8. | പസിൽകോർണർ | വർഷം മുഴുവൻ | SRG ടീച്ചർ |
| 9. | മെട്രിക് മേള | ജനുവരി | SRG |
| 10. | പഠനോത്സവം | | SRG CPTA SSG |
| 11 | പാറ്റേൺ പതിപ്പ് ഓരോ യൂണിറ്റ് നിന്നും | വർഷം മുഴുവൻ | SRG ടീച്ചർ |

## മേഖല

# അക്കാദമികം

## പ്രശ്നം

1 മുതൽ 5 വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും പൂർണ്ണമായി നേടാൻ കഴിഞ്ഞിട്ടില്ല.

## ലക്ഷ്യം: 1

1മുതൽ 5 വരെ ക്ലാസിലെ കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്

## 1 പ്രവർത്തനം പ്രീടെസ്റ്റ്

മെയ് മാസം എസ് ആർജി കൂടുന്നു. ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്ന ചോദ്യാവലി ഉൾപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നു ആവശ്യമായ എണ്ണം work sheets തയ്യാറാക്കുന്നു. (കഴിഞ്ഞ ക്ലാസുകളിലെ ശേഷികൾ) ഫലം ക്രോഡീകരിക്കുന്നു SRG യിൽ ചർച്ചചെയ്യുന്നു PTA യിൽ അവതരിപ്പിക്കുന്നു.

പ്രശ്നം 2- ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ധാരണകളും മുഴുവനായും നേടാൻ കഴിഞ്ഞിട്ടില്ല.

ലക്ഷ്യം: കുട്ടികൾക്ക് താഴ്ന്ന ക്ലാസിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാക്കുന്നതിന്

## പരിഹാരബോധനം

1 മുതൽ 5 വരെ ക്ലാസുകളിലെ അടിസ്ഥാന ശേഷികൾ പട്ടികപ്പെടുത്തിയത് അലോകനത്തിന് വിധേയമാക്കുന്നു.ജൂൺ 9 മുതൽ ആഗസ്റ്റ് 31 വരെ പരിഹാര ബോധന പ്രക്രിയ കൾക്കാവശ്യമായ പ്രവർത്തനങ്ങൾ ഗണിതാധ്യാപകർ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ Work sheet കൾ പഠനോപകരണങ്ങൾ തയ്യാറാക്കൽ 3,4,5 ക്ലാസുകൾ ഒന്നിച്ചും വ്യക്തിഗത പിന്തുണയും നൽകുന്നു. ക്ലാസ് പ്രവർത്തനങ്ങൾക്കിടയിലും പ്രത്യേക സമയം കണ്ടെത്തിയും പ്രാവർത്തികമാക്കുന്നു.

III പ്രവർത്തനം

## ഗണിത ക്ലബ് രൂപീകരണം

ക്ലബ് പ്രവർത്തനങ്ങൾക്കുള്ള വാർഷിക കലണ്ടർ നിർമ്മിക്കുന്നു. തുടർന്ന് ക്ലാസ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. സമയ ക്രമം നിശ്ചയിക്കുന്നു ഗണിതത്തിലെ എല്ലാ പൊതുപ്രവർത്തനങ്ങളിലും ഇവരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. റിസോഴ്സ് വിദഗ്ധരെ കണ്ടെത്തി ക്ലാസുകൾ സംഘടിപ്പിക്കുന്നു. ക്ലബിന്റെ പ്രവർത്തനങ്ങൾ SRG നിൽ അവലോകനം നടത്തുന്നു.

ലക്ഷ്യം: പഠിക്കുന്ന ആശയങ്ങൾ മൂർത്തമായ വസ്തുക്കളുമായി ബന്ധപ്പെടുത്തി പഠനം രസകരമാക്കുക. പിന്നോക്കക്കാർക്ക് പഠനപങ്കാളിത്തം ഉറപ്പു വരുത്തൽ.

## IV പ്രവർത്തനം പഠനോപകരണ ശിൽപശാല

ഓരോ പാഠഭാഗത്തിലേയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുന്നു. വാർഷിക കലണ്ടർ അനുസരിച്ച് CPTA പൂർവ്വ വിദ്യാർത്ഥികൾ ഗണിതക്ലബ് അംഗങ്ങൾ ഇവരെ പങ്കെടുപ്പിച്ച്കൊണ്ട് ക്ലാസ് അടിസ്ഥാനത്തിൽ പഠനോപകരണനിർമ്മാണ ശിൽപശാലയ്ക്ക് നേതൃത്വം നൽകുന്നു. മികച്ച കുട്ടികളെ കണ്ടെത്തി ഗണിതമേളയിലെ ഐറ്റങ്ങൾ നിർമ്മിക്കാൻ റിസോഴ്സുകളെ കണ്ടെത്തുന്നു പരിശീലനം നൽകുന്നു.

ലക്ഷ്യം: ഹൈടെക് മുറികളിൽ ICT വിനിമയം നടത്തുന്നതിനും കുട്ടികളെ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനലക്ഷ്യങ്ങൾ കൈവരിക്കാനതകും വിധം വളർത്തെയെടുക്കുന്നതിനും അആധ്യാപകരെയും കൂട്ടികളെയൂം സജ്ജരാക്കുക.

## പ്രവർത്തനം ഐ.സി.ടി സാധ്യതയിലൂടെ പഠനം.

ഓരോ മേഖലയിലെയും പാഠഭാഗത്തിലെ ICT സാധ്യതകൾ, പാഠഭാഗം ആരംഭിക്കുന്നതിന് മുമ്പത്തെ SRGയിൽ കണ്ടെത്തി ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. പ്രവർത്തനങ്ങൾ കണ്ടെത്താൻ റിസോഴ്സ് പുസ്തകങ്ങൾ, നെറ്റ് ട്രെയിനേഴ്സ് സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

ലക്ഷ്യം: ഗണിതപഠനതിൽ അന്വേഷണത്വരത, ചിന്താശേഷി, താത്പര്യം എന്നിവ വളർത്തൽ

## പ്രവർത്തനം - ഗണിത ക്വിസ്

ഓരോ യൂണിറ്റിന്റെയും അവസാനം ചോദ്യങ്ങൾ പട്ടികപ്പെടുത്തൽ. യൂണിറ്റ് അവസാനം ക്ലാസിൽ ക്വിസ് മത്സരം നടത്തൽ. ടേം തിരിച്ച് മെഗാക്വിസ് നടത്തൽ, വിജയികളെ അനുമോദിക്കൽ. നേതൃത്വം ഗണിത ക്ലാസ് അംഗങ്ങളെ ഏൽപ്പിക്കുന്നു. പിന്നോക്കക്കാരെയും പരിഗണിച്ചു കൊണ്ടുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നു. മെഗാക്വിസ് നടത്താൻ താത്പര്യമുള്ള SSG പൂർവ്വവി ദ്യാർത്ഥികൾ ഇവരെ എൽപ്പിക്കുന്നു.

ലക്ഷ്യം: ഗണിതത്തിൽ സർഗ്ഗശേഷി വളർത്തുകയും വിരസത ഒഴിവാക്കുകയും ചെയ്യൽ

## പ്രവർത്തനം: ഗണിതമാഗസിൻ

ഓരോ ക്ലാസിലെയും യൂണിറ്റടിസ്ഥാനത്തിൽ മാഗസിനിലേക്കുള്ള വിഭവങ്ങൾ ആ പാഠം എടുക്കുന്നതിൻെറ മുമ്പത്തെ ആഴ്ച കണ്ടെത്തൽ. പട്ടികപ്പെടുത്തൽ (TMൽ). വർഷാവസാനം ഓരോ ക്ലാസിൽ നിന്നും ഓരോ ഗണിത മാഗസിൻ പുറത്തിറക്കുന്നു. ഓരോ മാസവും ഗണിത ക്ലബിൽ മാഗസിൻ ചർച്ചയ്ക്ക് വിധേയമാക്കുന്നു. പുരോഗതി വിലയിരുത്തുന്നു. പിന്നോക്കക്കാ രുടെ സൃഷ്ടികൾ പ്രോത്സാഹിപ്പിക്കുന്നു.

ഓരോ യൂണിറ്റിലെയും ആശയങ്ങൾ ഉൾപ്പെട്ട കഥകൾ, പാട്ടുകൾ, ഗണിത കേളികൾ, ചിത്രങ്ങൾ, കണ്ടെത്തലകൾ ഇവയൊക്കെ ഉൾപ്പെടുത്തുന്നു. വർഷാവസാനം പ്രദർശനം നടത്തുന്നു. 2017-18 വർഷത്തെ എൽ.പി. ഗണിത മാഗസിൻ ജില്ലയിൽ രണ്ടാം സ്ഥാനവും എ ഗ്രേഡും നേടിയത് ഈ പ്രവർത്തനത്തിൽ നല്ല ഒരു പ്രോത്സാഹനമാകും.

## പ്രവർത്തം - മെട്രിക് മേള

ലക്ഷ്യം: ഗണിതാശയങ്ങൾ, കുട്ടികളുടെ ഗണിത ഉൽപ്പന്നങ്ങൾ (മാഗസിനുകൾ, പിറന്നാൾ കലണ്ട പ്രൊജക്ടുകൾ) അധ്യാപകർ തയ്യാറാക്കിയ പഠനോപകരണങ്ങൾ എന്നിവയുടെ പ്രദർശനവും മെട്രിക് അളവുകൾ, തൂക്കങ്ങൾ, ദൂരം, സമയം, കലണ്ടറുകൾ എന്നിവയെ കുറിച്ചുള്ള ധാരണയും പ്രായോഗികജ്ഞാനവും ലഭിക്കുവാനും മെട്രിക് മേള ഒരു ആഘോഷമായി ജനകീയ പങ്കാളിത്തത്തോടെ വർഷാവസാനത്തിൽ നടത്തൽ.

മെട്രിക് മേളയുമായി ബന്ധപ്പെട്ട ടീച്ചർ ടെസ്റ്റ് SRGയിൽ അവതരിപ്പിക്കൽ നിർമ്മാണത്തിന് ആവശ്യം വേണ്ട വസ്തുക്കൾ ലിസ്റ്റുചെയ്യുന്നു. CPTAയിൽ അവതരിപ്പിക്കൽ, സഹായം തേടൽ ക്ലാസ് അംഗങ്ങളുടെ ഉപയോഗപ്പെടുത്തൽ യോഗം-ചർച്ച റിസോഴ്സ് അംഗങ്ങളെ ഉപയോഗപ്പെടുത്തൽ. ജനവരി മാസം ഓരോ ആഴ്ചയിലും അവസാന ദിവസം ഓരോ അളവുകൾവെച്ച് പ്രവർത്തനം സംഘടിപ്പിക്കുന്നു.

## പസിൽ കോർണർ

ഗണനചിന്ത വളർത്തലും യുക്തിചിന്തയ്ക്ക് അവസരം നൽകാനും ഊഹത്തിനും പുതിയ കണ്ടെത്താനുമുള്ള ശേഷി ഉണ്ടാക്കാനും ഗണിത പഠനം രസകരമാക്കാനും പസിൽ കോർണറിലടെ ലക്ഷ്യമിടുന്നു. വിവിധ ഗെയിംസിനുമുള്ള അവസരം ഇവിടെ സൃഷ്ടിക്കപ്പെടുന്നു. വിവിധ നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ഇതിനായി പാഠഭാഗവുമായി ബന്ധപ്പെട്ട പസിലുകൾ ഗെയിംസുകൾ എന്നിവ പ്രയോജനപ്പെടുത്താൻ സമാന്തമായ മറ്റു പസിലുകൾ ഉപയോഗപ്പെടുത്തൽ പ്രയോഗവത്ക്കരിക്കൽ എന്നിവ നടത്തപ്പെടുന്നു.

## ഗണിതച്ചുമർ/നിലംഒരുക്കൽ

ഗണന ചിന്തകൾക്ക് വഴിയൊരുക്കുന്ന ഗണിത പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന രൂപങ്ങൾ വസ്തുക്കൾ പ്രദർശിപ്പിക്കൽ ഗണിത കളികൾക്കാവശ്യമായ നിലമൊരുക്കൽ എന്നിവ നടത്തുന്നു. ഇതിനുവേണ്ടി വിദഗ്ദരുടെ സേവനം ലഭ്യമാക്കുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കുന്നു.

## പാറ്റേൺ പതിപ്പ് (ഗണിതച്ചന്തം)

ഗണിത സൗന്ദര്യം ആസ്വദിക്കൽ, തുടർന്നെഴുതൽ പുതിയവ കണ്ടെത്തൽ എന്നി ലക്ഷ്യങ്ങൾ കൈവരിക്കൽ.

ഗണിതച്ചന്തം എന്ന പേരിൽ ഓരോ പാഠ ഭാഗത്തുനിന്നും പാറ്റേൺ കണ്ടെത്തി ക്രോഡീകരിക്കുന്നു.

# പരിസരപഠനം

ആമുഖം :ശാസ്ത്ര വിസ്മയങ്ങളുടെ വർണ്ണപ്രപഞ്ചമാണ് അന്ധവിശ്വാസ ജഡിലമായ സമൂഹത്തെ നേരിൻെറ വെളിച്ചത്തിലേക്ക് കൈപിടിച്ച് നടത്തുക മാത്രമല്ല ഒരു മജിഷ്യൻെറ മാന്ത്രികത ആവാഹിച്ച് അത്ഭുതങ്ങൾ സൃഷ്ടിക്കുകയും ശാസ്ത്രം ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള ശാസ്ത്രശാഖയെ കൈപ്പിടിയിലൊതുക്കാൻ കുട്ടിക്കെന്നല്ല നമുക്കാർക്കും ആവില്ല. ആൽബർട്ട് ഐസ്റ്റീൻ പറഞ്ഞതുപോലെ കടൽത്തീരത്തെ മണൽത്തരി മാത്രമാണ് ഞാൻ കണ്ടെത്തിയത്. എന്ന വാക്കുകൾ ശാസ്ത്രത്തിൻെറ നൈപുണ്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ശാസ്ത്രത്തിലേക്ക് ചുവട് വെയ്ക്കുന്ന കുട്ടികൾക്ക് പുത്തനറിവുകൾ മാത്രം നൽകിയാൽപോര. ധാരാളം അനുഭവങ്ങൾ നൽകണം. കണ്ടും, കേട്ടും, മണത്തും, തൊട്ടും, അനുഭവിച്ചും അറിയേണ്ടവരാണ് പ്രൈമറി വിദ്യാഭ്യാസം നേടുന്ന കുട്ടികൾ. അതിനവരെ പ്രാപ്തരാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടിയെടുക്കാൻ സ്കൂളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഈ പ്രൊജക്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ശാസ്ത്രപഠനം പ്രശ്നങ്ങൾ

### അക്കാദമികം

1. ഭിന്നനിലവാരക്കാരിൽ ശാസ്ത്രമനോഭാവം വികസിക്കുന്നതിൽ പരിമിതിയുണ്ട്.

### പദ്ധതി പ്രവർത്തനം

1. പ്രീടെസ്റ്റ്
2. ക്ലബ്ബ് പ്രവർത്തനങ്ങൾ
3. ശാസ്ത്ര ക്വിസുകൾ നടത്താൻ
4. ICTഅധിഷ്ഠിതപഠനം
5. ദിനാചരങ്ങൾ നടത്തൽ

| | | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| I | പ്രീടെസ്റ്റ്-പരിഹാരബോധനം | ജൂൺ 2-5<br>ജൂൺ - ആഗസ്റ്റ് | SRG | | |
| II | ദിനാചരണങ്ങൾ പ്രാവർത്തികമാക്കൽ | വാർഷിക കലണ്ടർ പരിഗണന | SRG | | |
| III | ICTഅധിഷ്ഠിതപഠനം | | ക്ലാസ്സ് ടീച്ചർ | | |
| IV | ശാസ്ത്രക്വിസ് പഠനോപാധിയാക്കൽ | യൂണിറ്റടിസ്ഥാനത്തിൽ വർഷം മുഴുവനും | | | |
| V | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| VI1 | ഒരു വർഷം 100 പരീക്ഷണങ്ങളെങ്കിലും | 1 വർഷം | | | |
| VII | ലാബ് ശാക്തീകരണം | മധ്യകാലം | SRG | | |
| VIII | ജൈവവൈവിധ്യം ഉദ്യാനം | ദീർഘകാലം | SRG PTA | | |
| IX | ശാസ്ത്രജ്ഞരെ അറിയൽ | | | | |

# പ്രവർത്തനം - പ്രീടെസ്റ്റ്

## I മേഖല: അക്കാദമികം

ജൂൺ 2-5 വരെ പ്രവര്ത്തനങ്ങൾ ചെയ്യുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു. അവർക്ക് വേണ്ട പരിഹാരം ബോധനം പ്രവർത്തനങ്ങൾ ജൂൺ രണ്ടാംവാരSRG യിൽ ചർച്ച ചെയ്യൽ, പ്രവർത്തനമൊഡ്യൂൾ, വർക് ഷീറ്റുകൾ എന്നിവ തയ്യാറാക്കുന്നു.

## II.ദിനാചരണങ്ങൾ പ്രാവർത്തികമാക്കൽ

ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ക്രോഡീകരിക്കൽ, വാർഷികകലണ്ടർ പ്രകാരം ദിനത്തിൻെറ തൊട്ടുമുമ്പത്തെ SRG യിൽ നടത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. റിസോഴ്സുകളെ കണ്ടെത്തുന്നു. ദിനാചരണ ഫയൽ എന്നിവ തയ്യാറാക്കുന്നു.

## III ICTഅധിഷ്ഠിതപഠനം ക്ലാസ്സ് ടീച്ചർ

ഓരോ ക്ലാസിലെയും ICT സാധ്യതകൾ SRG യിൽ കണ്ടെത്തുന്നു. ക്രോഡീകരണം നടത്തുന്നു. ഇത് വിവിധ റിസോഴ്സുകൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങളാക്കി ക്ലാസുകളിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസിലും പ്രവർത്തനങ്ങളുടെ ഫയൽ സൂക്ഷിക്കുന്നു.

## IV ശാസ്ത്രക്വിസ് സംഘടിപ്പിക്കൽ

പരിസരപഠനത്തിലെ ഓരോ യൂണിറ്റിൽ നിന്നും പാഠ ഭാഗാവസാനം ചോദ്യങ്ങൾ തയ്യാറാക്കുന്നു. ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ക്ലാസടിസ്ഥാനത്തിൽ ക്വിസ് മത്സരം നടത്തുന്നു. വിജയിയെ അനുമോദിക്കുന്നു. ടേൺ മെഗാ ക്വിസ് നടത്തുനനു. (പത്രക്വിസ് ഉൾപ്പെടെ)

## V ഫീൽസ് ട്രിപ്പുകൾ സംഘടിപ്പിക്കൽ

നേടേണ്ട ശേഷികൾക്കനുസരിച്ച് പഠന ഫീൽഡ് ട്രിപ്പുകൾ ആസൂത്രണം ചെയ്യൽ, സമയക്രമം കണ്ടെത്തൽ, റിസോഴ്സുകൾ കണ്ടെത്തൽ കുട്ടികളെ യാത്രയ്ക്ക് തയ്യാറാക്കൽ റിപ്പോർട്ട് വിലയിരുത്തൽ

## VI വർഷം 100 പരീക്ഷണങ്ങളെങ്കിലും

ഓരോ ക്ലാസിലും യൂണിറ്റടിസ്ഥാനത്തിൽ പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യൽ SRG യിൽ അവതരിപ്പിക്കൽ സാധനം സാമഗ്രികൾ കണ്ടെത്തൽ CPTA യിൽ അവതരിപ്പിക്കൽ റിസോഴ്സുകൾ കണ്ടെത്തൽ , ശാസ്ത്രപരീക്ഷണ പുസ്തകങ്ങൾ ശേഖരിക്കൽ (യുറീക്ക) ICT TV സാധ്യതകൾ പ്രയോജനപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ (ശാസ്ത്രമേള സ്കൂൾ തലത്തിൽ നടത്തൽ)

## VII ലാബ് ശാക്തീകരണം

കുട്ടികൾ ചെയ്ത പ്രൊജക്ടുകൾ , ശാസ്ത്രമാഗസിനുകൾ, പഠനോപകരണങ്ങൾ, പരീക്ഷണവസ്തുക്കൾ, ശാസ്ത്ര ക്വിസ് പുസ്തകങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, കുറിപ്പുകൾ തുടങ്ങിയ ശേഖരിക്കൽ SSR പൂർവ്വ വിദ്യാർത്ഥികൾ CPTA, BRC ഇവരുടെ സഹായങ്ങൾ തേടുന്നു

## VIII ജൈവവൈവിധ്യം ഉദ്യാനം

ജൂണിൽ നടത്തുന്ന CPTA യോഗത്തിൽ ജൈവവൈവിധ്യ ഉദ്യാനത്തെകുറിച്ച് അവതരിപ്പിക്കുന്നു. പദ്ധതി ആസൂത്രണം SRG യിൽ നടത്തുന്നു. കാലയളവ് നിശ്ചയിക്കുന്നു. റിസോഴ്സുകളെ കണ്ടെത്തുന്നു. സ്ഥലം നിശ്ചയിക്കുന്നു. സാമ്പത്തിക സഹായം കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ സൂക്ഷിക്കൽ, ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടവും ഉൾപ്പെടുത്തൽ, ഇതൊരു ദീർഘകാല പദ്ധതിയായിട്ടാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. CPTA, SSG ഇവയുടെ പിന്തുണ പ്രതീക്ഷിക്കുന്നു.

## IX ശാസ്ത്രജ്ഞരെ അറിയൽ

കുട്ടികൾക്ക് ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടാനുള്ള അവസരം നൽകുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ദിനാചരണങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കൽ, ശാസ്ത്രജ്ഞൻമാരെപ്പറ്റിയുള്ള വീഡിയോ പ്രദർശനം എന്നിവ നടപ്പിൽ വരുത്തുന്നു. ശാസ്ത്രജ്ഞരെപ്പറ്റിയുള്ള ആൽബം നിർമ്മിക്കുന്നു.

# ENGLISH

## Main Issues

- Lack of opportunities for reading and communication.
- Lack or real life situation in promoting English as a language for communication
- Lack of chance to express their ideas in English
- Lack of social participation in language programme
- Lack of confidence in speaking.

## മേഖല: അക്കാദമികം

### ഉപമേഖല ഭാഷാപഠനം ഇംഗ്ലീഷ്

| | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| I | പ്രീടെസ്റ്റ്-പരിഹാരബോധനം (STEPS) | SRG, English Teacher | ജൂൺ | | SBRC |
| 2 | ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കൽ | SRG, English Teacher | വർഷം മുഴുവൻ | | Diet BRC |
| 3 | മികച്ച വായനക്കാരക്കൽ | SRG, English Teacher | വർഷം മുഴുവൻ | | |
| 4 | മികച്ച എഴുത്തുകാരാക്കൽ വ്യക്തിഗത മാഗസിൻ | SRG, English Teacher | ജൂൺ മുതൽ | | Diet BRC |
| 5 | ക്രിയേറ്റീവ് സ്കിൽ വർധിപ്പിക്കൽ | SRG, English Teacher | ജൂൺ മുതൽ | | SRG BRC |

## I പ്രീടെസ്റ്റ് പരിഹാര ബോധനവും

കഴിഞ്ഞ ക്ലാസുകളിൽ നേടേണ്ട ശേഷികൾ SRG കൂടി ഏതൊക്കെയാണെന്ന് കണ്ടെത്തുന്നു. ഓരോ ക്ലാസിനും അനുയോജ്യമായ രീതിയിൽ മൂല്യനിർണയ ടൂൾ ഉണ്ടാക്കുന്നു പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. പരിഹാരബോധനത്തിന് ആവശ്യായ മൊഡ്യൂൾ തയ്യാറാക്കുന്നു മൊഡ്യൂൾ അനുസരിച്ച് ആഴ്ചയിൽ രണ്ട് ദിവസം എന്ന രീതിയിൽ പ്രവർത്തനങ്ങൾ നൽകുന്നു. മാതൃ ഭാഷ പോലെ തന്നെ എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി കൈവരിക്കണം എന്ന ലക്ഷ്യത്തോടുകൂടിയാണ് ഞങ്ങൾ ഇംഗ്ലീഷിൽ 'Stops' എന്ന പ്രവർത്തന പാക്കേജ് തയ്യാറാക്കിയത്.

## II ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കൽ

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി ക്ലാസ് റൂമുകളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഒരു ഇംഗ്ലീഷ് അന്തരീക്ഷം ഒരുക്കുന്നു. ക്ലാസ് മുറികളിൽ ഇംഗ്ലീഷ് കേൾക്കുവാനും പറയുവാനുമുള്ള ധാരാളം അവസരങ്ങൾ നൽകൽ, ICT ഉപയോഗിച്ച് ദൃശ്യാനുഭവങ്ങളിലൂടെ കഥകൾ കേൾപ്പിക്കൽ, ചിത്രങ്ങളിലൂടെ കഥകൾ പറയാൻ അവസരം, കളികൾക്കുള്ള നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകി കൂടുതൽ കളികൾ ഉൾപ്പെടുത്തുന്നു. Ecube ഇംഗ്ലീഷ് ആഴ്ചയിൽ ഒരിക്കൽ എല്ലാ ക്ലാസിലും ചെയ്യുന്നു.

## III മികച്ച വായനക്കാർ

വായന മെച്ചപ്പെടുത്താനും മികച്ച വായനക്കാരാക്കാനും വിവിധയിനം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ചിത്ര കാർഡ്, അക്ഷരകാർഡ്, സെൻറൻസ് കാർഡ്, ചിത്രകഥകൾ, കുഞ്ഞുകഥകൾ, കവിതകൾ ഇവ ഘട്ടം ഘട്ടമായി നൽകുന്നു. ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തി, ഓരോ കുട്ടിയും ലഘുവായനാ പുസ്തകം സൂക്ഷിക്കൽ, അസംബ്ലിയിൽ പത്രം വായന (ഇംഗ്ലീഷ് ), പുസ്തക പരിചയം നടത്താനുള്ള അവസരം എന്നിവ നൽകുന്നു. അക്ഷരകാർഡിൽ നിന്ന് തുടങ്ങി ചിത്രം നോക്കി വിവരണം തയ്യാറാക്കുന്ന ശേഷികൾ വരെ നേടാനുള്ള നിലയിലേക്ക് കുട്ടികളെ ഉയർത്തി കൊണ്ടുവരാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത്.

## IV മികച്ച എഴുത്തുകാർ

മികച്ച വായനയിലൂടെ കുട്ടികൾ മികച്ച എഴുത്തിലേക്കും എത്തിച്ചേരുന്നു. പാഠഭാഗത്തിനനുസൃതമായി ഘട്ടം ഘട്ടമായി നാം കൊടുക്കുന്ന വിവിധ പ്രവർത്തനങ്ങൾ കുട്ടികളെ മികച്ച രചയിതാക്കളും ആക്കി മാറ്റുന്നു. ചിത്രം നോക്കി വിവരണം തയ്യാറാക്കൽ, വരികൾ കൂട്ടിച്ചേർക്കൽ, കടങ്കഥകൾ തയ്യാറാക്കൽ, ഒരു ദിവസം ഒരു ചോദ്യം ഇംഗ്ലീഷിൽ അടിക്കുറിപ്പ് എഴുതൽ, ചിത്രങ്ങളും സംഭാഷണങ്ങളും എഴുതൽ തടുങ്ങിയവ. (മികച്ച പാട്ടുകൾ, വിവരണം, ചിത്രങ്ങൾ എന്നി ഉൾപ്പെടുത്തി വ്യക്തിഗത മാഗസിൻ വർഷാവസാനം പ്രദർശിപ്പിക്കുന്നു.)

## V സർഗാത്മകത

കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും തനിക്ക് കിട്ടിയ ശേഷികൾ വേണ്ട രീതിയിൽ പ്രകടിപ്പിക്കുന്നതിനുമുള്ള ധാരാളം അവസരങ്ങൾ ഓരോ ഘട്ടത്തിലും നൽകുന്നു. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റ്, റോൾപ്ലെ, കഥാപാത്രങ്ങളുടെ അവതരണം, ഒരു ദിവസം ഒരു ഭാഷ പരിപാടി, ബാലസഭ, ഇംഗ്ലീഷ് സ്പീച്ച് തുടങ്ങിയവ ഓരോ പാഠഭാഗത്തിനും അനുസരിച്ച് നൽകുന്നു, വിലയിരുത്തുന്നു

## VI Story Time (തനത് പ്രവർത്തനം)

കുട്ടികൾക്ക് കഥ കേൾക്കാനും പറയുന്നതിനും അവസരം ഒരുക്കൽ. ഓരോ ആഴ്ച ഓരോ അധ്യാപകർ കുട്ടികൾക്കായി ഇംഗ്ലീഷ് കഥകൾ പറയുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികൾക്കും കഥകൾ പറയുവാ നവസരം നൽകുന്നു. കഥകളും ചിത്രങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. വായിക്കാനവസരം നൽകുന്നു ICT ഉപയോഗപ്പെടുത്തുന്നു.

# ആശയ വിനിമയ ശേഷി

# സർഗ്ഗാത്മകതാവികാസം

(ദീർഘകാല പദ്ധതി)

## സർഗാത്മകത, ആശയവിനിമയശേഷി

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്തുവരുന്ന കുട്ടിയുടെ ആശയധാരണകൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവയിൽ മികച്ച മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തങ്ങളുടെ അഭിരുചിക്കനുസരിച്ച ഏറ്റവും മികച്ച രീതിയിൽ തന്റെ കഴിവുകളുടെ പ്രകടനം കാഴ്ചവയ്ക്കാൻ ഓരോ കുട്ടിയിലും ആത്മവിശ്വാസം വളർത്തിയെടുക്കേണ്ടതുണ്ട്. ഓരോ കുട്ടിയും അവരവരുടെ നില വാരത്തിനനുസരിച്ചുള്ള ഉയർന്നശേഷി കൈവരിച്ചു ഉറപ്പ് വരുത്തുകയും അതിനുള്ള പശ്ചാത്തല സൗകര്യം സ്കൂൾ അന്തരീക്ഷത്തിൽ നാം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇതൊരു ദീർഘകാല പദ്ധതിയായി ആസൂത്രണം ചെയ്തിരിക്കുന്നു.

- ❖ സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും അവർ പഠിക്കുന്ന ഭാഷകളിൽ അനായാസം ആശയവിനിമയത്തിനുതകുന്ന വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാകും.
- ❖ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായിനടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവ് നേടും.
- ❖ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ താൽപര്യങ്ങൾ ഇവ സമയാസമയങ്ങളിൽ ഏറ്റവും മികവാർന്ന രീതിയിൽ പ്രകടിപ്പിക്കുന്നതിനും ആവിഷ്കരിക്കുന്നതിനും പ്രാപ്തനാകും.

**ലക്ഷ്യം:**

## കുട്ടികളിൽ സർഗാത്മക ആശയ വിനിമയശേഷി വളർത്തൽ

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | പഠനത്തിലൂടെ | | ക്ലാസ് ടീച്ചർ | | BRC |
| 2 | സർഗവേളകൾ | വാർഷിക കലണ്ടർ അനുസരിച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | SRG |
| 3 | സ്കൂൾ അസംബ്ലി | | | | |
| 4 | ക്ലാസ് പിടിഎ ഏറ്റെടുക്കൽ | | SRG | | |
| 5 | ക്ലാസ് ലൈബ്രറിയൻ | ആഴ്ചയിലൊരിക്കൽ വർഷം മുഴുവൻ | | | |
| 6 | ഡോക്യുമെന്റേഷനവസരം | | | | BRC |
| 7 | അഭിമുഖം നടത്താം. ബോധവത്ക്കരണം വിവിധ റിസോഴ്സുകളെ ഉപയോഗിച്ച് ക്ലാസ് നടത്താം | PTA | | | |
| 8 | ക്വിസ്, കല, കായികം പ്രവൃത്തി പരിചയം മികവിലേക്ക് | ദീർഘകാലം | മേളകൾക്ക് ചാർജ് നൽകിയിരിക്കുന്ന അധ്യാപകർ | | |
| 9 | റേഡിയോ കുരിയാടി 2025 | | | | |

## പ്രവർത്തന പദ്ധതി രൂപരേഖ

### I പാഠത്തിലൂടെ

- സംഭാഷണം
- ചിത്രരചന
- മൈമിംഗ്
- സ്കിറ്റ്
- മേനി പറിച്ചൽ
- പ്രസംഗം

ഓരോ ക്ലാസിലും മെയ് അവസാനവാരം ആരംഭിച്ച് തുടർന്നു നടക്കുന്ന SRG കളിലും സർഗാത്മകതയ്ക്ക് ഊന്നൽ നൽകേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തുന്നു. പാഠഭാഗം പഠനപ്രവർത്തനത്തിൻെറ ഭാഗമായി സമയാസമയങ്ങളിൽ നൽകുന്നു.

### II സർഗവേളകൾ (ആഴ്ചയിൽ ഒരു ദിവസം ഉച്ചയ്ക്ക് ശേഷം)

- ഇഷ്ടമുള്ള കഥകൾ, കവിതകൾ, നാടൻപാട്ടുകൾ തുടങ്ങിയവ അവതരിപ്പിക്കൽ.
- അനുഭവങ്ങൾ പങ്കു വെയ്ക്കൽ.
- ഡയറി കുറിപ്പുകൾ പങ്ക് വെയ്ക്കൽ.
- വായനാനുഭവങ്ങൾ പങ്ക് വെയ്ക്കൽ.
- ബാലസഭ മാസത്തിലൊരിക്കൽ
  (മെച്ചപ്പെട്ടവ മാത്രം അവതരണം 1 മുതൽ 5 വരെ ഒന്നിച്ച്)

### III സ്കൂൾ അസംബ്ലി

- ആഴ്ച്ചയിൽ രണ്ട് ദിവസം തിങ്കൾ, ബുധൻ (മലയാളം, ഇംഗ്ലീഷ്)
- വാർത്തവായന
- മഹത്വ വചനങ്ങൾ പറയൽ
- ദിനാചരണങ്ങളുടെ പ്രത്യേകതകൾ പറയൽ
- വായനാനുഭവങ്ങൾ - പുസ്തകങ്ങൾ
- രചയിതാക്കളെ പരിചയപ്പെടുത്തൽ

## IV ഡോക്യുമെന്റേഷൻ അവസരം

1. ഓരോ ദിവസത്തേയും (10 to 4) ക്ലാസ് പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ 1 കുട്ടിക്ക് അവസാനത്തെ പിരിയഡ് അവസരം നൽകൽ.

2. ദിനാചരണങ്ങൾ നടന്നതിന്റെ പിറ്റേ ദിവസം ഡോക്യുമെന്റേഷൻ നടത്താൻ കുട്ടികൾക്ക് അവസരം നൽകൽ.

## V അഭിമുഖം നടത്താം

1. കുട്ടികൾക്ക് അഭിമുഖം നടത്താൻ അവസരങ്ങൾ സൃഷ്ടിക്കുന്നു.

2. വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖങ്ങൾ നടത്തുന്നു. ICT ഉപയോഗിച്ച് കാണാനവസരം നൽകുന്നു. ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, വിവിധ റിസോഴ്സ് പേഴ്സനുകളെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കൽ.

## VI ക്വിസ്, കലാകായിക പ്രവൃത്തി പരിചയം മികവിലേക്ക്

ക്വിസ്, കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ അഭിരുചിയുള്ളവരെ ക്ലാസടിസ്ഥാനത്തിൽ കണ്ടെത്തുന്നു "എന്റെ കുട്ടികൾ" സഹായത്തോടെ രജിസ്റ്റർ തയ്യാറാക്കൽ.

❖ ഓരോ ഗ്രൂപ്പിലേക്ക്

❖ കുട്ടികളെ തരം തിരിക്കൽ

❖ റിസോഴ്സുകളെ കണ്ടെത്തൽ

❖ ICT ഉപയോഗിക്കാൻ പരിശീലനം നൽകൽ.

❖ മേളകളിൽ മികച്ച വിജയം ഉറപ്പാക്കൽ.

❖ സ്കൂളിൽ പ്രദർശനം സംഘടിപ്പിക്കൽ.

## VII ക്ലാസ് പി.ടി.എ.നിയന്ത്രിക്കൽ (എല്ലാമാസവും)

- ❖ രക്ഷിതാക്കളെ അഭിസംബോധനചെയ്യൽ
- ❖ നന്ദി പറയൽ
- ❖ വ്യത്യസ്ത കലാപരിപാടികൾ അവതരിപ്പിക്കൽ എന്നിവയിൽ കുട്ടികൾക്ക് അവസരം നൽകൽ

## VIII ക്ലാസ് ലൈബ്രറിയിൽ പുസ്തക ചർച്ച

- ❖ ഏപ്രിൽ മെയ് മാസങ്ങളിൽ തന്നെ ഓരോ ക്ലാസിലും യോജിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ
- ❖ 2018 ജൂൺ രണ്ടാം വാരത്തിൽ തന്നെ പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു.
- ❖ കുട്ടികളിലൊരാൾ ലൈബ്രേറിയൻ
- ❖ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ പരിശീലനം
- ❖ ഓരോ ക്ലാസിനും ഒരു നോട്ടു പുസ്തകം വിതരണ രജിസ്റ്റർ
- ❖ ഓരോ കുട്ടിക്കും വായനക്കുറിപ്പ് നോട്ട് വിതരണം
- ❖ പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ (വെള്ളി, ഉച്ചയ്ക്ക്)
- ❖ അടുത്ത വെള്ളി കിട്ടിയ പുസ്തകത്തെക്കുറിച്ച് ചർച്ച.
- ❖ വായനക്കുറിപ്പ് അവതരണം.
- ❖ വിലയിരുത്തൽ.

# IX റേഡിയോ കുരിയാടി 2025

## ലക്ഷ്യം

ലക്ഷ്യം: ആശയ വിനിമയശേഷിയും സർഗ്ഗാത്മകതയും ഓരോരുത്തരുടെയും കഴിവിൻ്റെ പരമാവധി മികച്ച നിലവാരത്തിലെത്തിക്കാൻ

## ആത്മവിശ്വാസം വർദ്ധിപ്പിക്കൽ.

റേഡിയോ കുരിയാടി റ്റു തൗസൻ്റ് എയ്റ്റീൻ എന്ന റേഡിയോ പ്രോഗ്രാം എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1.30 മുതൽ 2pm വരെ മൈക്കിൽ പ്രക്ഷേപണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 4,5 ക്ലാസിലെ കുട്ടികൾ വീതം ഉള്ള ഒരു ഗ്രൂപ്പിനെ സംഘാടനത്തിനായി തെരഞ്ഞെടുക്കുന്നു. ആദ്യ ആഴ്ചകളിൽ അധ്യാപകർ SRG യിൽ ചർച്ചയ്ക്ക് ഘടന തയ്യാറാക്കുന്നു. ഗ്രൂപ്പിൽ വിനിമയം നടക്കുന്നു.

## വാർത്ത വായന

1. ഒരാഴ്ചയിലെ പ്രധാന വാർത്തകൾ, നാട്ടുവർത്തമാനം, സ്കൂൾ വാർത്ത.

2. ഹെൽത്ത് ടിപ്പ്.

3. കലാപരിപാടി (ഓരോ ക്ലാസിൽ നിന്നും മികച്ച ഒന്ന്)